# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1029

10.06.2019-ലെ മറുപടി

### മീനാട് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മീനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വെളിയം ഗ്രാമ പഞ്ചായത്തിൽ ജല വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; | (എ) & (ബി) | ജിക്ക മീനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഓടനാവട്ടം–വാളകം പി.ഡബ്ല്യൂ.ഡി ബി.എം/ ബി.സി റോഡിൽ വെളിയം പഞ്ചായത്തിന് വേണ്ടിയുള്ള വാട്ടർ ടാങ്ക് സ്ഥിതി ചെയ്യുന്ന ബാപ്പാല മുതൽ ഓടനാവട്ടം ജംഗ്ഷൻ വരെ വിവിധ സ്ഥലങ്ങളിലായി ഏകദേശം 500 മീറ്ററോളം നീളത്തിൽ ഗ്യാപ്പ് കണ്ടുപിടിച്ച് വിതരണ കുഴലുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇതിന് വേണ്ടിയുള്ള റോഡ് കട്ടിംഗ് പെർമിഷന് വേണ്ടി പി.ഡബ്യൂ.ഡി ഓഫീസിൽ അപേക്ഷ നൽകിയിട്ടുണ്ട്. പണമടക്കുന്നതിനുള്ള എസ്റ്റിമേറ്റും അനുമതിയും ലഭ്യമായിട്ടില്ല. പി.ഡബ്ല്യൂ.ഡി ഡിവിഷൻ ഓഫീസിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പൈപ്പ് സ്ഥാപിച്ചു തുടങ്ങുവാൻ സാധിക്കുന്നതാണ്. പി.ഡബ്ല്യൂ.ഡി റോഡിൽ ഉള്ള പ്രസ്തുത 500 മീറ്റർ ഗ്യാപ്പിൽ പൈപ്പ് സ്ഥാപിച്ചാൽ മാത്രമേ ബാക്കി 20 കിലോ മീറ്റർ പൈപ്പ് ലൈൻ ചാർജ്ജ് ചെയ്തു സ്ഥാപിക്കാൻ കഴിയുകയുള്ളു. |
| (ബി) | പ്രസ്തുത നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുമോ; | | |
| (സി) | പ്രസ്തുത പദ്ധതി പൂർണമായും പ്രവർത്തന ക്ഷമമാക്കാൻ എന്നത്തേയ്ക്കു സാധിക്കുമെന്ന് അറിയിക്കാമോ? | (സി) | മുമ്പ് പ്രവർത്തികൾ ചെയ്ത കരാറുകാർ പൈപ്പ് ലൈൻ സ്ഥാപിക്കാത്ത സ്ഥലങ്ങളിൽ ഗ്യാപ്പ് കണ്ടുപിടിച്ച് സ്ഥാപിക്കുന്നതിനാണ് പുതിയ കരാർ നല്കിയിട്ടുള്ളത്. ഈ പദ്ധതി 2020 ഏപ്രിൽ മാസത്തോടു കൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ